"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കണ്ണൂർ തലശ്ശേരി ബ്ലോക്കിലെ പിണറായി ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. സി.32 (ഡി)- ന് ഡയറി പ്ലാന്റ് സ്ഥാപിക്കുന്നതിനായി NCDC (National Cooperative Development Corporation)- യിൽ നിന്നും 392.7 ലക്ഷം രൂപ വായ്പ എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ക്ഷീരവികസന വകുപ്പ്**

സ.ഉ.(സാധാ) നം.52/2025/DD തീയതി,തിരുവനന്തപുരം, 17-03-2025

---

പരാമർശം:- 1. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 23.05.2024 01.08.2024 03.01.2025 തീയതികളിലെ DDDKER/1540/2024-C1 നമ്പർ കത്തുകൾ.

2. Regional Director, National Cooperative Development Corporation ന്റെ 01.01.2025 തീയതിയിലെ NCDC:15-1/2016(TVM) നമ്പർ കത്ത് .

**ഉത്തരവ്**

തലശ്ശേരി ബ്ലോക്കിലെ പിണറായി ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നം.സി 32(ഡി) വൈവിധ്യവൽക്കരിച്ച് അംഗങ്ങൾക്കും പൊതുജനങ്ങൾക്കും കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംഘത്തിന്റെ കീഴിൽ മണിക്കൂറിൽ 3000 ലിറ്റർ സംഭരണശേഷിയുള്ള ഡയറി പ്ലാന്റ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ആയതിന് പ്രതീക്ഷിക്കുന്ന ചെലവ് 494.65 ലക്ഷം രൂപയുമാണെന്നും ടി തുകയിൽ 392.7 ലക്ഷം രൂപ NCDC (National Cooperative Development Corporation)- യിൽ നിന്നും സംസ്ഥാന സർക്കാർ മുഖാന്തിരം വായ്പയെടുക്കുന്നതിന് സംഘം ഭരണസമിതിക്ക് അനുമതി നൽകണമെന്നുമുള്ള സംഘത്തിന്റെ അപേക്ഷ, കണ്ണൂർ ഡെപ്യൂട്ടി ഡയറക്ടറുടെ ശിപാർശ സഹിതം പരാമർശം (1) പ്രകാരം ക്ഷീരവികസന വകുപ്പ് ഡയറക്ടർ തുടർനടപടികൾക്കായി സർക്കാരിൽ സമർപ്പിച്ചിരുന്നു.

2) പ്രൊജക്ടിന്റെ മൊത്തം പ്രതീക്ഷിത ചെലവായ 494.65 ലക്ഷം രൂപയിൽ 392.7 ലക്ഷം രൂപ NCDC- യിൽ നിന്നും സർക്കാർ മുഖേന വായ്പയായി സ്വരൂപിക്കുന്നതിനും ബാക്കി തുകയായ 101.95 ലക്ഷം രൂപ സംഘം തനത് ഫണ്ടിൽ നിന്നും കണ്ടെത്തുന്നതിനുമാണ് പ്രൊജക്ട് വിഭാവനം ചെയ്യുന്നത്. പ്രൊജക്ട് നടപ്പാക്കുന്നതിന് 16 ആർ 9 സ്ക്വയർ മീറ്റർ സ്ഥലം പിണറായി

പഞ്ചായത്തിലെ എരുവാട്ടി വില്ലേജിൽ സംഘം പൊതുഫണ്ടിൽ നിന്നു 49,37,760/- രൂപ ചെലവഴിച്ച് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. സംഘം രേഖകൾ പരിശോധിച്ചതിൽ നിന്നും നിലവിൽ സംഘത്തിന് വിവിധ ബാങ്കുകളിലായി 1,50,05,245/- രൂപ സ്ഥിര നിക്ഷേപവും ഉണ്ട്. ഇതിൽ നിന്നും പ്രൊജക്ടിലെ സംഘം വിഹിതമായ 101.95 ലക്ഷം രൂപയിൽ സ്ഥലം വാങ്ങാനുപയോഗിച്ച 49,37,760/- രൂപ കഴിച്ച ബാക്കി തുകയായ 52,57,240/- രൂപ കണ്ടെത്താവുന്നതാണെന്നും നിലവിൽ സർക്കാർ ബാധ്യതകൾ ഒന്നും തന്നെ ഇല്ലാത്ത പിണറായി സംഘത്തിൽ സാമ്പത്തിക ക്രമക്കേടുകൾ ഒന്നും തന്നെ പരിശോധനയിൽ കണ്ടെത്തുകയോ സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച പരാതികൾ ലഭിയ്ക്കുകയോ ചെയ്തിട്ടില്ല എന്നും പ്രൊജക്ട് നടപ്പിലാക്കിയാൽ സംഘത്തിന് വായ്പ കൃത്യമായി തിരിച്ചടക്കാൻ സാധിയ്ക്കുന്നതാണെന്നും ക്ഷീരവികസന വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3) പരാമർശം (2) പ്രകാരം NCDC മേഖല ഓഫീസിൽ നിന്ന് ലഭിച്ച റിപ്പോർട്ടിൽ, ചുവടെ ചേർക്കും പ്രകാരമുള്ള വ്യവസ്ഥയിൽ പിണറായി ക്ഷീരോല്പാദക സഹകരണ സംഘത്തിന് ലോൺ അനുവദിക്കാമെന്ന് NCDC (National Cooperative Development Corporation) റീജിയണൽ ഡയറക്ടർ അറിയിച്ചിരുന്നു.

| NCDC to State Govt. | State Govt to Society | Society Contribution |
|---|---|---|
| Loan - up to 90% | Loan and/or Share Capital and/or grant- 90% | Minimum 10% |

**Subsidy to the extent of 25% of eligible components subject to a maximum limit of Rs.25.00 lakh under Central Sector AMI scheme will be dovetailed subject to availability.**

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. NCDC (National Cooperative Development Corporation) മേഖല ഓഫീസിന്റെ പരാമർശം (2) പ്രകാരമുള്ള ശുപാർശയുടെ അടിസ്ഥാനത്തിലും, ടി സംഘത്തിന്റെ പ്രൊജക്ടിന്റെ ധനകാര്യ വിശകലനം പരിശോധിച്ചതിൽ നിന്നും, പ്രൊജക്ട് നടപ്പിലാക്കിയാൽ സംഘത്തിന് വായ്പ കൃത്യമായി തിരിച്ചടക്കാൻ സാധിയ്ക്കുന്നതാണെന്ന് ക്ഷീര വികസന വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിലും, നിലവിൽ ടി സംഘത്തിന് സർക്കാർ ബാധ്യതകൾ ഒന്നും ഇല്ലാത്തതിനാലും, തലശ്ശേരി ബ്ലോക്കിലെ പിണറായി ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം.സി 32 (ഡി)- ന് ഡയറി പ്ലാന്റ് സ്ഥാപിക്കുന്നതിന് പ്രൊജക്ടിന്റെ മൊത്തം പ്രതീക്ഷിത ചെലവായ 494.65 ലക്ഷം

രൂപയിൽ 392.7 ലക്ഷം രൂപ NCDC (National Cooperative Development Corporation) -യിൽ നിന്നും ലോൺ അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷിബു.എ.റ്റി
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, ക്ഷീരവികസന വകുപ്പ്, തിരുവനന്തപുരം
റീജിയണൽ ഡയറക്ടർ, National Cooperative Development Corporation (NCDC), House No. GV-2 & T.C.-11/808, Nalanda Junction, Nanthencode, Kowdiar P. O., Thiruvananthapuram - 695003
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ധനകാര്യ (അഗ്രി-ബി) വകുപ്പ് (Agri-B1/266/2024-FIN നമ്പർ ഫയൽ പ്രകാരം)
വിവര-പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വിഭാഗം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Abhilash R P
Date: 18-03-2025 11:18:57
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.ക്ഷീരവികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്